അന്തിമ മറുപടി

## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.908** **29.09.2016 -ൽ മറുപടിക്ക്**

## സർക്കാർഭൂമി കയ്യേറുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ. രാജൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർഭൂമി കയ്യേറുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് , സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഭൂമി കൈയ്യേറുന്നത് തടയുന്നതിന് ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച്, 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച വരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുറമ്പോക്ക ഭൂമിയിലുള്ള കൈയ്യേറ്റങ്ങൾ തടയുന്നതിന് എല്ലാ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും, റോഡ് പുറമ്പോക്ക് ഇറിഗേഷൻ വകുപ്പ് ഭൂമിയിലെ കൈയ്യേറ്റങ്ങൾ തടയുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | മുൻകാലങ്ങളിൽ നടത്തിയ ഭൂമികയ്യേറ്റങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | മുൻകാലങ്ങളിലെ കൈയ്യേറ്റങ്ങൾ പരിശോധിച്ച് വരുന്നതും ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നിയമാനുസരണമുള്ള ഒഴിപ്പിക്കൽ/ ശിക്ഷണ നടപടികൾ സ്വീകരിച്ചും വരുന്നതാണ്. |
| (സി) | പരിശോധിച്ച കണ്ടെത്തിയിട്ടുണ്ടെങ്കിൽ കയ്യേറിയ ഭൂമി തിരിച്ച പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | പരിശോധിച്ച് കണ്ടെത്തിയ കേസുകളിൽ കക്ഷികളെ വിചാരണയ്ക്ക് വിധേയമാക്കി മതിയായ തെളിവ് ഹാജരാക്കാത്ത കേസുകളിൽ കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി എന്ന ബോർഡ് സ്ഥാപിച്ച് സംരക്ഷിക്കുകയും അല്ലാത്തവയിൽ നിയമാനു-സരണമുള്ള മറ്റ നടപടികളും സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ